**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 924** **24-02-2022 - ൽ മറുപടിയ്ക്ക്**

**ഡാമുകൾ/ചെക്ക് ഡാമുകളിൽ മണൽ/ചെളി എന്നിവയുടെ വില്പന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | 2018 മുതലുണ്ടായ കാലവർഷക്കെടുതികളുടെ ഭാഗമായി സംസ്ഥാനത്തെ പ്രധാന നദികളുമായി ബന്ധപ്പെട്ട ഡാമുകൾ, ചെക്ക് ഡാമുകൾ എന്നിവയിൽ അടിഞ്ഞു കൂടിയ മണൽ/ചെളി എന്നിവയുടെ അളവ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത മണൽ/ചെളി എന്നിവ കടത്തി അമിത വിലയ്ക്കുവിറ്റ് ലാഭം കൊയ്യുന്ന ലോബികളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയാൻ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ നദികളിലുള്ള ഇറിഗേഷൻ വകുപ്പിന്റെ നിർമ്മിതികളിൽ കാലങ്ങളായി അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ്/ എക്കൽ/ ചെളി നീക്കം ചെയ്യുന്നതിന് 26/09/2017ലെ സ.ഉ(കൈ)നം.79/17/ജവിവ, 14/05/2019 ലെ സ.ഉ(കൈ) 14/19/ജവിവ എന്നീ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പ്രവർത്തന രേഖ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത അടിസ്ഥാന പ്രവർത്തനരേഖ അനുസരിച്ചാണ് വിവിധ നദികളിലുള്ള ഇറിഗേഷൻ വകുപ്പിന്റെ നിർമ്മിതികളിലെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നത്. ഇതിൻ പ്രകാരം സാങ്കേതിക സമിതി നിശ്ചയിക്കുന്ന പി.ക്യു (Prequalifying) യോഗ്യതയുള്ള കരാറുകാരിൽ നിന്നും ടെണ്ടർ മുഖേന മണ്ണ്/എക്കൽ/ ചെളിക്ക് യൂണിറ്റിന് ഏറ്റവും അധികം തുക നൽകുന്ന ആൾക്ക് കരാർ നല്കുകയാണ് ചെയ്യുന്നത്. കരാർ തുകയുടെ രണ്ട് ശതമാനം അഥവാ 25 ലക്ഷം രൂപ സർക്കാർ നിശ്ചയിക്കുന്ന ബാങ്ക് അക്കൗണ്ടിൽ ഒടുക്കേണ്ടതും പിന്നീട് മണ്ണ്/ എക്കൽ/ചെളി നീക്കം ചെയ്യാനുള്ള അനുമതിയുള്ള കടവുകൾ/ പോയിന്റുകൾ മാർക്ക് ചെയ്ത് നൽകുകയും ചെയ്യുന്നു. ഡീസിൽറ്റേഷനുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കാനും നിരീക്ഷിക്കാനുമുള്ള ചെക്ക്പോസ്റ്റ്, ബൂം ബാരിയർ, മോഷൻ സെൻസർ ക്യാമറ ദൃശ്യം രേഖപ്പെടുത്തുന്നതിനുള്ള കമ്പ്യൂട്ടർ എന്നീ സംവിധാനങ്ങൾ കടവുകളിൽ |

| | | | |
|---|---|---|---|
| | | | ഏർപ്പെടുത്തുന്നതാണ്. കടവിൽ നിന്നും മണൽ/ എക്കൽ/ചെളി നീക്കം ചെയ്യുന്ന വാഹനങ്ങൾക്ക് പ്രത്യേകം പാസ് നൽകുകയും ആയത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലും വില്ലേജ് ഓഫീസിലും അറിയിക്കുന്നതാണ്. |
| (സി) | പ്രസ്തുത നദികളിലെയും നദീതടങ്ങളിലെയും മണൽ/ ചെളി എന്നിവയ്ക്ക് നിരീക്ഷണം ശക്തമാക്കാനും അനധികൃത കടത്ത് ഇല്ലാതാക്കാനും അവ ശേഖരിച്ച് ന്യായവിലയിൽ പൊതുജനങ്ങൾക്കുനല്കി സർക്കാർ മുതൽ സർക്കാരിൽ തന്നെ നിക്ഷിപ്തമാക്കാനും എന്ത് നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ നദികളിലുള്ള ഇറിഗേഷൻ വകുപ്പിന്റെ നിർമ്മിതികളിൽ കാലങ്ങളായി അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ്/ എക്കൽ/ ചെളി നീക്കം ചെയ്യുന്നതിന് 26/09/2017ലെ സ.ഉ(കൈ)നം.79/17/ജവിവ, 14/05/2019 ലെ സ.ഉ(കൈ) 14/19/ജവിവ എന്നീ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പ്രവർത്തന രേഖ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത അടിസ്ഥാന പ്രവർത്തനരേഖ അനുസരിച്ചാണ് വിവിധ നദികളിലുള്ള ഇറിഗേഷൻ വകുപ്പിന്റെ നിർമ്മിതികളിലെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നത്. ഇതിൻ പ്രകാരം സാങ്കേതിക സമിതി നിശ്ചയിക്കുന്ന പി.ക്യൂ (Prequalifying) യോഗ്യതയുള്ള കരാറുകാരിൽ നിന്നും ടെണ്ടർ മുഖേന മണ്ണ്/എക്കൽ/ ചെളിക്ക് യൂണിറ്റിന് ഏറ്റവും അധികം തുക നൽകുന്ന ആൾക്ക് കരാർ നല്കുകയാണ് ചെയ്യുന്നത്. കരാർ തുകയുടെ രണ്ട് ശതമാനം അഥവാ 25 ലക്ഷം രൂപ സർക്കാർ നിശ്ചയിക്കുന്ന ബാങ്ക് അക്കൗണ്ടിൽ ഒടുക്കേണ്ടതും പിന്നീട് മണ്ണ്/ എക്കൽ/ചെളി നീക്കം ചെയ്യാനുള്ള അനുമതിയുള്ള കടവുകൾ/ പോയിന്റുകൾ മാർക്ക് ചെയ്ത് നൽകുകയും ചെയ്യുന്നു. ഡീസിൽറ്റേഷനുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കാനും നിരീക്ഷിക്കാനുമുള്ള ചെക്ക്പോസ്റ്റ്, ബൂം ബാരിയർ, മോഷൻ സെൻസർ ക്യാമറ ദൃശ്യം രേഖപ്പെടുത്തുന്നതിനുള്ള കമ്പ്യൂട്ടർ എന്നീ സംവിധാനങ്ങൾ കടവുകളിൽ ഏർപ്പെടുത്തുന്നതാണ്. കടവിൽ നിന്നും മണൽ/ എക്കൽ/ചെളി നീക്കം ചെയ്യുന്ന വാഹനങ്ങൾക്ക് പ്രത്യേകം പാസ് നൽകുകയും ആയത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലും വില്ലേജ് ഓഫീസിലും അറിയിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

<u>**അനുബന്ധം**</u>

**റിസർവ്വോയറിൽ അടിഞ്ഞുകൂടിയ മണ്ണിന്റെയും ചെളിയുടെയും വിശദാംശങ്ങൾ**

| നം. | റിസർവ്വോയറിന്റെ പേര് | അടിഞ്ഞുകൂടിയ മണ്ണിന്റെയും ചെളിയുടെയും അളവ് ($Mm^3$) |
|---|---|---|
| 1 | മലമ്പുഴ | 48.37 |
| 2 | കാരാപ്പുഴ | 5.57 |
| 3 | പോത്തുണ്ടി | 3.78 |
| 4 | മംഗലം | 2.95 |
| 5 | പഴശ്ശി ബാരേജ് | 4.806 |
| 6 | കല്ലട | 28 |
| 7 | വാളയാർ | 2.11 |
| 8 | ചിമ്മിനി | 1.13 |
| 9 | പീച്ചി | 12.91 |
| 10 | കുറ്റ്യാടി | 28.3 |
| 11 | നെയ്യാർ | 12.14 |
| 12 | കാഞ്ഞിരപ്പുഴ | 16.98 |
| 13 | മീൻകര | 1.62 |
| 14 | മലങ്കര | 17.79 |
| 15 | ചുള്ളിയാർ | 1.13 |

**റെഗുലേറ്റർ/ ചെക്ക് ഡാമുകളിൽ അടിഞ്ഞുകൂടിയ മണ്ണിന്റെയും ചെളിയുടെയും വിശദാംശങ്ങൾ**

| **നം.** | **റെഗുലേറ്റർ/ ചെക്ക് ഡാമുകളുടെ പേര്** | **അടിഞ്ഞുകൂടിയ മണ്ണിന്റെയും ചെളിയുടെയും അളവ് ($m^3$)** |
|---|---|---|
| 1 | പൂക്കോട്ടുമന ആർ.സി.ബി | 55000 |
| 2 | ചെറുതുരുത്തി ചെക്ക് ഡാം | 15750 |
| 3 | ചങ്ങനാംകുന്ന് റെഗുലേറ്റർ | 56000 |
| 4 | മഞ്ഞുമ്മൽ റെഗുലേറ്റർ | 1000 |
| 5 | വെള്ളിയാങ്കല്ല് ആർ.സി.ബി | 7500 |
| 6 | പുരപ്പള്ളിക്കാവ് റെഗുലേറ്റർ | 8000 |